**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി, ഖാദി രംഗത്തെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ . പി . കെ . ശശി ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ കെ. കുഞ്ഞിരാമൻ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് വില്പനയിൽ വൻകുറവുണ്ടാകുകയും റിബേറ്റ് തുക കുടിശ്ശികയായിരിക്കുകയും തൊഴിൽ ദിനങ്ങൾ നാമമാത്രമായിരിക്കുകയും ചെയ്തിരുന്ന സ്ഥിതിയിൽ നിന്ന് കൈത്തറി മേഖലയെ സംരക്ഷിക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | കേരളത്തിലെ പ്രധാന പരമ്പരാഗത തൊഴിലുകളിൽ ഒന്നായ കൈത്തറി മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യം വച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈത്തറി തുണിത്തരങ്ങൾക്കുള്ള റിബേറ്റ്. സംസ്ഥാനത്തിനകത്ത് മാനദണ്ഡങ്ങൾക്കു വിധേയമായി ഉല്പാദിപ്പിച്ച കിഴിവ് നൽകി വിൽപന നടത്തുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് 20%, 30% സർക്കാരിൽ നിന്നും റിബേറ്റ് ഇനത്തിൽ തിരികെ നൽകി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കൈത്തറി ഉൽപന്നങ്ങളുടെ പ്രചാരണത്തിനും ഉപഭോക്താക്കളെ കൈത്തറി ഉല്പന്നങ്ങളിലേക്ക് കൂടുതലായി ആകർഷിക്കാനും, വില്പന വർദ്ധിപ്പിക്കാനും അങ്ങനെ കൈത്തറി നെയ്ത്തു തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും സാധിക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്തിനേക്കാൾ ഇരട്ടിയിലേറെ തുക റിബേറ്റ് ഇനത്തിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് റിബേറ്റ് ഇനത്തിൽ 2011-12 വർഷം മുതൽ 2015-16 വർഷം വരെ ആകെ 24,74,00,000 രൂപയാണ് അനുവദിച്ചിരുന്നതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ ഇനത്തിൽ 2016-17 മുതൽ ഇതുവരെ ആകെ 57,24,72,627 രൂപ അനുവദിച്ചിട്ടുണ്ട്. 5.51 കോടി രൂപ ബഡ്ജറ്റിൽ ഇനി നീക്കിയിരിപ്പുണ്ട്. ആയത് ഉടൻ വിനിയോഗിക്കുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളും ഹാന്റെക്സ്/ഹാൻവീവ് എന്നിവയും ഏറ്റവും കൂടുതൽ തുണിത്തരങ്ങൾ വിറ്റഴിക്കുന്നതു വിഷു, ഓണം, ക്രിസ്തുമസ് എന്നീ കാലയളവുകളിലാണ്. എന്നാൽ കോവിഡ് പടർന്നു പിടിച്ച സാഹചര്യത്തിൽ വിഷു, |

| | | | |
|---|---|---|---|
| | | | റംസാൻ വിൽപന ഗണ്യമായി കുറഞ്ഞതിനാൽ 2021 ജൂലായ് മാസം മുഴുവൻ 20% കോവിഡ് സ്പെഷ്യൽ റിബേറ്റ് അനുവദിച്ച് നൽകിയിരുന്നു. ഗണ്യമായ വിൽപന നടന്നില്ല എങ്കിലും ഓൺലൈൻ വിൽപന കൂടി ഉള്ളതിനാൽ ഈ അവസരം കൈത്തറി തൊഴിലാളികൾക്ക് സഹായകമായി. കോവിഡ് സ്പെഷ്യൽ റിബേറ്റ് വിൽപന പ്രകാരം 2.5 കോടി രൂപയുടെ വിൽപനയാണ് നടന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് മാസം ശരാശരി 2500 രൂപയ്ക്കടുത്തു മാത്രം വരുമാനം നേടിയിരുന്ന നെയ്ത്തുകാരുടെ ദു:സ്ഥിതിക്ക് പരിഹാരം കാണാൻ സൗജന്യ യൂണിഫോം പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ 2 ജോടി കൈത്തറി യൂണിഫോം നെയ്ത് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതികൊണ്ട് സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി വർഷത്തിൽ 100-ൽ താഴെ തൊഴിൽ ദിനങ്ങൾ മാത്രം ലഭിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി 200 മുതൽ 300 ദിനങ്ങൾ വരെ തൊഴിലാളികൾക്ക് ലഭിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ 5900 നെയ്ത്തുകാർക്കും 1600 നെയ്ത്തു അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ നൽകുവാനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിൽ വരുത്തുന്നതിനു മുമ്പ് കൈത്തറി മേഖലയിലെ തൊഴിലാളികളുടെ വൻ തോതിലുള്ള കൊഴിഞ്ഞുപോക്ക് നടന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സംഘങ്ങളിലെ നെയ്ത്തു തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രം പ്രവർത്തിച്ച് വരികയായിരുന്നു. 100 രൂപയിൽ താഴെ ദിവസക്കൂലിയിൽ ഏതാനും ദിവസങ്ങളിൽ മാത്രമാണ് നെയ്ത്തുകാർക്ക് തൊഴിൽ ലഭ്യമായിരുന്നത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഒരു നെയ്ത്തുകാരന് നെയ്യുന്നതിനനുസരിച്ച് പ്രതിദിനം 600-ലധികം രൂപ വരുമാനമായി ലഭിച്ചു വരുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലായതിന് ശേഷം ഇതുവരെ 160 കോടിയോളം രൂപ കൂലിയിനത്തിൽ മാത്രം സ്കൂൾ യൂണിഫോം നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. അതായത് നെയ്ത്തുകാരുടെ ദു:സ്ഥിതിയ്ക്ക് പരിഹാരം കാണാനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഖാദി വ്യവസായ രംഗത്ത് മുൻ സർക്കാരിന്റെ കാലത്ത് വേതന കുടിശ്ശിക ഉണ്ടായിരുന്നോ; | (സി) | ഖാദി വ്യവസായ രംഗത്ത് മുൻ സർക്കാരിന്റെ കാലത്ത് വേതന കുടിശ്ശിക ഉണ്ടായിരുന്നില്ല. |
| (ഡി) | ഖാദി വ്യവസായ പുരോഗതിക്ക് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഖാദി വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. ഖാദിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിച്ചു. ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിച്ചു. തൊഴിലാളികളുടെ ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചു. അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കി. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള "വർക്ക് ഷെഡ് " പദ്ധതി നടപ്പിലാക്കി. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ തൊഴിലുപകരണങ്ങൾ ലഭ്യമാക്കി. സംസ്ഥാനത്ത് വളരെ ഡിമാന്റുള്ള ഖാദി മസ്ലിൻ ഉല്പന്നങ്ങളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ– ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചാരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നല്കുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് പോലീസ് വകുപ്പുമായും ഭക്ഷ്യ വകുപ്പുമായും സഹകരിച്ച് ഖാദി മാസ്കുകൾ വിതരണം ചെയ്തു. കേരള ഭക്ഷ്യ വകുപ്പിന്റെ ഭക്ഷ്യ കിറ്റിനോടൊപ്പം 2 ഖാദി മാസ്കുകൾ വീതം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. കേരള പോലീസ് വകുപ്പിന്റെ ക്യാന്റീനുകൾ വഴി ഖാദി ഉല്പന്നങ്ങൾ വിപണനം നടത്തി വരുന്നു. ഖാദി തൊഴിലാളികൾക്ക് ESI നടപ്പിലാക്കി. ഖാദിബോർഡ് പുതുതായി 113പേർക്ക് പി.എസ്.സി വഴി ജോലി നല്കി. എന്റെ ഗ്രാമം , PMEGP പദ്ധതി പ്രകാരം 18500 തൊഴിലവസരങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ